**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗക്കാരായ ഭൂരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതി കുടുംബങ്ങളുടെ അർഹത പരിശോധിച്ച് പഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുൻസിപ്പൽ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.5 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതികൾക്കായി 2022 -23 സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചുവെന്നും എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി 2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 180 കോടി രൂപയിൽ 115,01,20,118/- രൂപ (2023 ഫെബ്രുവരി 22 വരെ) ചെലവഴിച്ചിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച എത്ര ഗുണഭോക്താക്കളുണ്ടെന്ന് ബ്ലോക്ക് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (സി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാരായ ഗുണഭോക്താക്കൾക്ക് ഭൂമി വിൽപ്പന നടത്തിയിൽ എത്ര പേർക്ക് അതിന്റെ തുക നൽകാനുണ്ടെന്നും തുക നൽകാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ? | (ഡി) | മലപ്പുറം ജില്ലയിൽ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളതും തുക നൽകാനുണ്ടായിരുന്നതുമായ 34 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ബ്ലോക്ക് | ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | അരീക്കോട് | 71 |
| 2 | മലപ്പുറം | 20 |
| 3 | വണ്ടൂർ | 80 |
| 4 | പെരിന്തൽമണ്ണ | 89 |
| 5 | പെരുമ്പടപ്പ് | 9 |
| 6 | തിരൂർ | 55 |
| 7 | തിരൂരങ്ങാടി | 16 |
| 8 | താനൂർ | 21 |
| 9 | കുറ്റിപ്പുറം | 61 |
| 10 | പൊന്നാനി | 12 |
| 11 | കാളികാവ് | 127 |
| 12 | വേങ്ങര | 27 |
| 13 | മങ്കട | 26 |
| 14 | കൊണ്ടോട്ടി | 53 |
| 15 | നിലമ്പൂർ | 87 |
| | **ആകെ** | 754 |